കാലഹരണപ്പെട്ട മുസ്ലിം വ്യക്തിനിയമം

Wednesday 26 February 2014 8:13 pm IST

മുസ്ലിം വ്യക്തിനിയമം കാലാനുസൃതമായി പരിഷ്ക്കരിപ്പിക്കണമെന്നാവശ്യപ്പെട്ട് ഖുർ ആൻ സുന്നത്ത് സൊസൈറ്റി സെൻട്രൽ എക്സിക്യൂട്ടീവ് അംഗം ഡോ.എം.അബ്ദുൾ ജലീൽ, ഹ്യുമനിസ്റ്റ് സെന്ററർ പ്രസിഡന്റായ ഈ ലേഖകൻ കെ.വി.സെയ്ത് മുഹമ്മദ്, പ്രോഗ്രസ്സീവ് മുസ്ലിം വിമൻസ് ഫോറം സെക്രട്ടറി, വി.പി.സുഹറ, കോഴിക്കോട് സ്വദേശികളായ സി.വി.അബ്ദുൽ സലാം, എം.സി.റാബിയ തുടങ്ങിയവർ 2008 ൽ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച പരാതിക്കെതിരെ 2014 ജനുവരി മൂന്നിന് മുസ്ലിംലീഗ് സംസ്ഥാന സെക്രട്ടറി കെ.പി.എ.മജീദ് മുസ്ലിം സമുദായത്തിനുവേണ്ടി കക്ഷി ചേർന്നിരിക്കുന്നു. ശരീ അത്ത് നിയമം ഇസ്ലാം മതവിശ്വാസത്തിന്റെ ഭാഗമാണെന്നും പണ്ഡിതരും പ്രമുഖ തത്വജ്ഞാനികളും ശരീഅത്ത് നിയമത്തിന്റെ മഹത്വത്തെ ശരിവെച്ചിട്ടുണ്ടെന്നും സമുദായത്തിന്റെ പ്രതിനിധിയെന്ന നിലയിൽ തങ്ങളുടെ ഭാഗംകൂടി കേൾക്കണമെന്നും അതുംകൂടി പരിഗണിച്ചു വേണം തീർപ്പ് കൽപ്പിക്കാനെന്നുമാണ് മുസ്ലിംലീഗ് നേതാവ് ആവശ്യപ്പെടുന്നത്. അതിന് മുമ്പ് കക്ഷിചേർന്ന കോഴിക്കോട്ടെ ജസ്റ്റീഷ എന്ന സംഘടന അവതരിപ്പിക്കുന്നത് ശരീ അത്ത് നിയമം ലോകത്തൊരിടത്തും വ്യാഖ്യാനിക്കപ്പെട്ടിട്ടില്ലെന്നും പെൺകുട്ടികളോട് വിവേചനം കാണിക്കുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നുമാണ്. ഇതിനുപുറമെ ബിജെപി നേതാവായ സുബ്രഹ്മണ്യൻ സ്വാമി മാത്രമാണ് ഞങ്ങൾക്കനുകൂലമായി നിന്നുകൊണ്ട് കക്ഷി ചേർന്നിരിക്കുന്നത്. ഖുർആനിലെ ആകെയുള്ള ആറായിരത്തിൽ പരം വചനങ്ങളിൽ കേവലം മൂന്ന് വചനങ്ങളിൽ മാത്രമേ മുസ്ലിം പിന്തുടർച്ചാവകാശ നിയമത്തെക്കുറിച്ച് പറയുന്നുള്ളൂ. വായനക്കാരുടെ അറിവിലേക്കായി ആ മൂന്ന് വചനങ്ങളും താഴെ കൊടുക്കുന്നു. "നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് നിയമനിർദ്ദേശങ്ങൾ നൽകുന്നു. ആണിന് രണ്ട് പെണ്ണിന്റേതിന് തുല്യമായ ഓഹരിയാണുള്ളത്. ഇനി രണ്ടിലധികം പെൺമക്കളാണുള്ളതെങ്കിൽ സ്വത്തിന്റെ മൂന്നിൽ രണ്ട് ഭാഗമാണവർക്കുള്ളത്. ഒരു മകൾ മാത്രമാണുള്ളതെങ്കിൽ അവൾക്ക് പകുതിയാണുള്ളത്. മരിച്ച ആൾക്ക് സന്താനമുണ്ടെങ്കിൽ അയാളുടെ മാതാപിതാക്കൾക്ക് ആറിലൊന്നു വീതവും ഇനി അയാൾക്ക് സന്താനമില്ലെങ്കിൽ മാതാവിന് മൂന്നിലൊന്നും അയാൾക്ക് സഹോദരനുണ്ടെങ്കിൽ അയാളുടെ മാതാവിന് ആറിലൊന്നും മരിച്ച ആൾ ചെയ്തിട്ടുള്ള വസിയ്യത്തിനും കടമുണ്ടെങ്കിൽ അത് കഴിച്ച ശേഷമേ അവകാശമുണ്ടാകൂ. 4/11) നിങ്ങളുടെ ഭാര്യമാർക്ക് സന്താനമില്ലാത്ത പക്ഷം അവരുടെ സ്വത്തിന്റെ പാതി ഭർത്താവിന് ലഭിക്കും. മക്കളുണ്ടെങ്കിൽ നാലിലൊന്നാണ് അവകാശം. സന്തതിയില്ലാത്ത ഭാര്യയാണ് അവകാശിയെങ്കിൽ ഭാര്യക്ക് നാലിലൊന്ന് ലഭിക്കും. സന്താനമുണ്ടെങ്കിൽ ഭാര്യക്ക് എട്ടിലൊന്നാണ് അവകാശം. അനന്തരമെടുക്കുന്ന സ്ത്രീയും പുരുഷനും പിതാവും മക്കളുമില്ലെങ്കിൽ അയാൾക്ക് ഒരു സഹോദരിയോ സഹോദരനോ ഉണ്ടെങ്കിൽ അവർക്കും നൂറിലൊന്ന് ലഭിക്കും. അതിൽ കൂടുതൽ അവകാശികളുണ്ടെങ്കിൽ അവർക്ക് മൂന്നിലൊന്ന് സമമായി ലഭിക്കും. വസിയ്യത്തോ, കടമോ ഉണ്ടെങ്കിൽ അത് കഴിച്ചാണിത്. (4/12) അല്ലാഹു നിങ്ങൾക്കിതാ മതവിധി അറിയിക്കുന്നു. സന്താനമില്ലാത്ത ഒരാൾ മരിച്ചാൽ ഒരു സഹോദരിയാണ് അവകാശിയെങ്കിൽ അവൾക്ക് പകുതി സ്വത്തവകാശം കിട്ടും. സന്താനമില്ലാത്ത സഹോദരിയാണ് മരിക്കുന്നതെങ്കിൽ സഹോദരനായിരിക്കും മുഴുവൻ സ്വത്തിന്റേയും അവകാശം. ഇനി രണ്ട് സഹോദരികളാണ് ഉള്ളതെങ്കിൽ അവർക്ക് മൂന്നിൽ രണ്ട് ഭാഗം കിട്ടും. ഇനി സഹോദരിയും സഹോദരനുമാണുള്ളതെങ്കിൽ ആണിന് രണ്ട് പെണ്ണിന്റേതിന് തുല്യമായ ഓഹരി കിട്ടും.

നിങ്ങൾ പിഴച്ചുപോകാതിരിക്കാൻ അല്ലാഹു നിങ്ങൾക്ക് വിവരിച്ചു തരുന്നു. (4/176) സ്ത്രീ-പുരുഷ സമത്വാവകാശം അംഗീകരിക്കാത്ത അല്ലാഹുവിന്റെ ദായക്രമം സ്വീകരിച്ചില്ലെങ്കിൽ മനുഷ്യൻ പിഴച്ചുപോകുമെന്നാണ് ഖുർആൻ മുന്നറിയിപ്പ് നൽകുന്നത്. അതൊരു തമാശയായിട്ടെ കാണാനാകുകയുള്ളൂ. ഈ മൂന്ന് വചനങ്ങളെ അടിസ്ഥാനമാക്കിയാണ് നബിക്ക് ശേഷം ഇസ്ലാമിക പിന്തുടർച്ചാ നിയമം രൂപം കൊള്ളുന്നത്. ഈ മൂന്ന് വചനങ്ങളിലും പിതാവ് ജീവിച്ചിരിക്കെ മകൻ മരിക്കുകയാണെങ്കിൽ മകന്റെ മക്കൾക്ക് കുടുംബസ്വത്തിൽ അവകാശമില്ലെന്ന് പറയുന്നില്ല. മരിച്ച മകന് സ്വത്തില്ലെന്ന സന്ദേശത്തിൽനിന്നാണ് ശരിയത്ത് നിയമത്തിൽ ആ വകുപ്പുണ്ടാക്കിയത്. ഖുർആനിൽ രേഖപ്പെടുത്താത്ത ഇത്തരം നിയമങ്ങൾ ശരിഅത്തിൽ ഒട്ടേറെയുണ്ട്. നീതിമാനായ ഒരു ദൈവം ഇങ്ങനെയൊരു നിയമം ഉണ്ടാക്കുമെന്ന് തോന്നുന്നില്ല. പിതാമഹൻ ജീവിച്ചരിക്കുമ്പോൾ പിതാവ് മരിച്ചു എന്ന ഒറ്റക്കാരണത്താൽ അയാളുടെ മക്കൾക്ക് കുടുംബസ്വത്തിൽ അവകാശമില്ലെന്ന നിയമം അനുഭവിക്കേണ്ടിവരുന്നവരായിരിക്കും ഈ നിയമത്തിനെതിരെ പ്രതികരിക്കാനുണ്ടാവുക. ഇന്ന് നിലവിലുള്ള ദായക്രമത്തിൽ ഒരുപാട് ന്യൂനതകളുണ്ട്. ആൺമക്കളില്ലാതെ പെൺമക്കൾ മാത്രമേ ജനിച്ചിട്ടുള്ളൂ എന്ന കാരണത്താൽ ഗണ്യമായ ഓരോഹരി ഭാഗം സ്വത്ത് ഇതര ബന്ധുക്കൾക്ക് നൽകുക, സന്താനങ്ങൾക്ക് മറ്റു ബന്ധുക്കളെക്കാൾ സ്വത്ത് കുറയുക, സ്ത്രീ വിഭാഗത്തിന് തീരെ കൊടുക്കാതിരിക്കുക, കൊടുക്കുമ്പോൾ തന്നെ പുരുഷന്റെ ഓഹരിയെക്കാൾ കുറച്ചുകൊടുക്കുക, അടുത്ത ബന്ധുവിനെക്കാൾ അധികം സ്വത്ത് അകന്ന ബന്ധുവിന് നൽകുക, ഓഹരി ക്രമത്തിൽ സ്വീകരിച്ച ക്രമക്കേട് കാരണം അപ്രതീക്ഷിതമായി സ്ത്രീ വിഭാഗത്തിന് ചിലപ്പോൾ പുരുഷ വിഭാഗത്തേക്കാൾ കൂടി വരിക, അനാഥ പൗത്രീപൗത്രന്മാർക്ക് തീരെ കൊടുക്കാതിരിക്കുക, നിശ്ചിത ഓഹരികൾ പറഞ്ഞിട്ടും അത് കൊടുക്കാൻ കഴിയാതെ വരിക, നിശ്ചിത ഓഹരി കൊടുത്താലും സ്വത്ത് ബാക്കി വരുക, മക്കളില്ലാതെ മരിക്കുന്നവരുടെ വിധവകൾക്ക് ചെറിയ ഓഹരിയും അവരുടെ ഇതര ബന്ധുക്കൾക്ക് വലിയ ഓഹരിയും നൽകുക, വിൽ പത്രത്തിൽ ആവശ്യമില്ലാത്ത ഉപാധികൾ ഏർപ്പെടുത്തുക തുടങ്ങിയവയാണ് ദായക്രമത്തിലെ പ്രധാന അപാകതകൾ. മുസ്ലിം വ്യക്തി നിയമത്തിൽ മരണാനന്തര പിന്തുടർച്ചാവകാശത്തെക്കുറിച്ച് മാത്രമേ പറയുന്നുള്ളൂ. ഒരു വ്യക്തിയുടെ ജീവിതകാലയളവിലുള്ള പിന്തുടർച്ചാവകാശത്തെക്കുറിച്ചോ, പാരമ്പര്യ സ്വത്തവകാശത്തെക്കുറിച്ചൊ പറയുന്നില്ല. സ്വത്ത് മുഴുവനായും ഭാഗം വെക്കുന്നതിന് വിൽപത്രവും അനുവദിക്കുന്നില്ല. ഇന്ത്യൻ ഭരണഘടന തുല്യാവകാശം ഉറപ്പുനൽകുമ്പോൾ വ്യക്തിനിയമം തടസ്സമായി നിൽക്കുന്നു. ഇന്നത്തെ അവസ്ഥയിൽ വ്യക്തിനിയമം പറയുന്ന അനന്തരാവകാശികളെ പരിഗണിക്കൽ പ്രായോഗികമല്ല. മരണപ്പെട്ട വ്യക്തിയുടെ ഭാര്യക്കും മക്കൾക്കും സ്വത്ത് ലഭിക്കണമെന്നത് അവകാശമാണ്. മുമ്പ് കൂട്ടുകുടുംബ വ്യവസ്ഥയിൽ വരുമാനം ഒരുമിച്ച് ചെലവഴിക്കുകയായിരുന്നു പതിവ്. എന്നാൽ നിലവിലെ അവസ്ഥയിൽ ഒരാളുടെ സമ്പാദ്യത്തിൽ മറ്റൊരാൾക്കും പങ്കില്ല. അതിനാൽ സമ്പത്ത് അയാളുടെ ഭാര്യക്കും മക്കൾക്കുമാണ് കിട്ടേണ്ടത്. മുസ്ലിം വ്യക്തിനിയമത്തിൽ സ്ത്രീക്കും പുരുഷനും തുല്യതയില്ല. വിവിധ മുസ്ലിം രാഷ്ട്രങ്ങളിൽ വ്യക്തിനിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ മാത്രം ഇപ്പോഴും 1937 ലെ നിയമമാണ് പിന്തുടരുന്നത്. നബിയുടെ കാലത്തെ ശരീഅത്ത് നിയമമല്ല ഇന്നുള്ളത്. ഒരുപാട് മതാചാരനുഷ്ഠാനങ്ങളൊക്കെ കാലഹരണപ്പെട്ടതുകൊണ്ട് വിശ്വാസികൾ തന്നെ തള്ളിക്കളഞ്ഞിരിക്കുകയാണ്. മുമ്പ് മുസ്ലിം പുരുഷന്മാരുടെ വേഷം മീശ വടിക്കുകയും തല മുണ്ഡനം ചെയ്യുകയും നെരിയാണിക്കുമേൽ വസ്ത്രം ധരിക്കുകയും ചെയ്തിരുന്നു. ഫോട്ടോ

എടുക്കുന്നതും സിനിമ കാണുന്നതുമൊക്കെ ഹറാമായിരുന്നു. ശാസ്ത്ര സാങ്കേതിക നേട്ടങ്ങളാണ് പലരേയും മാറി ചിന്തിക്കാൻ പ്രേരിപ്പിച്ചത്. ജനാധിപത്യ മൂല്യങ്ങൾ ലോകം അംഗീകരിച്ചതോടെയാണ് നബിയുടെ ജിഹാദ് മാത്യക അനുയായികൾ തിരുത്താനിടയായത്. മതയുദ്ധമെന്ന ജിഹാദ് നയം തിരുത്താൻ തയ്യാറാകാത്തവരിന്ന് മതതീവ്രവാദികൾ മാത്രമാണ്. മതതീവ്രവാദത്തെ പരസ്യമായി എതിർക്കുന്ന മതേതരവാദിയും ജനാധിപത്യവാദിയുമാണ് എ.പി.സുന്നി നേതാവായ കാന്തപുരം മുസ്ല്യാർ. മുമ്പ് ശരീ അത്ത് നിരോധിക്കാത്ത അടിമ വ്യാപാരവും വെപ്പാട്ടി സമ്പ്രദായവുമൊക്കെ പുനഃസ്ഥാപിക്കണമെന്നൊന്നും അദ്ദേഹം ആവശ്യപ്പെടുന്നില്ല. മതപരിഷ്ക്കരണവാദിയായിരുന്ന ചേകന്നൂർ മൗലവിയും കാന്തപുരം മുസല്യാരും തമ്മിൽ ചില കാര്യങ്ങളിൽ മാത്രമേ അഭിപ്രായ വ്യത്യാസമുള്ളൂ. ബഹുഭാര്യാത്വം നിരോധിക്കുന്നതും ദായക്രമത്തിൽ തുല്യാവകാശം കൊണ്ടുവരുന്നതും കാന്തപുരം മുസ്ല്യാർ അംഗീകരിക്കുന്നില്ലെന്നേയുള്ളൂ. പെണ്ണിന്റേയും മണ്ണിന്റേയും കാര്യത്തിൽ സ്വാർത്ഥ താൽപ്പര്യം വെച്ചു പുലർത്തുന്നതിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണമത് പാരമ്പര്യമായി കിട്ടിയ സ്വാഭാവമായിട്ടെ കാണാനാകൂ. ലോകാവസാനം വരെ ബഹുഭാര്യാത്വവകാശം നിലനിർത്താൻ തങ്ങൾ പോരാടുമെന്ന് പറയാൻ കാരണമതാണ്. ആധുനിക മനുഷ്യന് ഇതെങ്ങനെ അംഗീകരിക്കാനാകും? അതുകൊണ്ടാണ് കാലഹരണപ്പെട്ട ഇത്തരം വ്യക്തിനിയമത്തിലെ അപാകതകൾ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ഞങ്ങൾ കോടതി കയറാൻ തീരുമാനിച്ചത്. സെയ്ത് മുഹമ്മദ്

Janmabhumidaily.com